"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ വാങ്ങിയ വസ്തുവിൽ ഇൻഡസ്ട്രീസ് എൻക്ലേവ് എന്ന പേരിൽ ഒരു ഓഫീസ് സമുച്ചയം പണിയുന്നതിന് കിൻഫ്രയെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(കൈ) നം.113/2022/ID തീയതി,തിരുവനന്തപുരം, 01-11-2022

---

പരാമർശം:-

1. 16.07.2021, 22-01-2022, 21-02-2022, 13-06-2022 - തീയതികളിലെ റൂട്രോണിക്സ് എം.ഡി യുടെ RX/MD/197 - 7/2021 നമ്പർ കത്തുകൾ
2. 23.10.2022, 31-05-2022 -തീയതികളിലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ കെ.ബി.4160/14/സഹ നമ്പർ കത്തുകൾ.

**ഉത്തരവ്**

ഖാദി ബോർഡ് ചെയർമാൻ കൂടിയായ വ്യവസായ വകുപ്പ മന്ത്രിയുടെ പേർക്ക് പ്രമാണം നടത്തിയിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ അമ്പലമുക്കിന് സമീപമുള്ള 28.753 സെന്റ് സ്ഥലം റൂട്രോണിക്സിന്റെ ആസ്ഥാനമന്ദിരം പണിയുന്നതിനായി റൂട്രോണിക്സ് മാനേജിംഗ് ഡയറക്ടറുടെ പേരിലേയ്ക്ക് കൈമാറ്റം ചെയ്യാൻ ഉത്തരവാകണമെന്ന് പരാമർശം (1) ലെ കത്തുകൾ പ്രകാരം റൂട്രോണിക്സ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. പരാമർശ വസ്തുവിൽ ഏകദേശം 12,000 ചതുരശ്ര അടിയുള്ള ഇരുനില കെട്ടിടം പണിയേണ്ടതുണ്ടെന്നും ആയതിന് ഏഴുകോടി രൂപയോളം ചെലവ് വരുമെന്നും പ്രസ്തുത തുക റൂട്രോണിക്സ് വഹിച്ചു കൊള്ളാമെന്നും അഞ്ചു വർഷത്തിനുള്ളിൽ പണി പൂർത്തിയാകുമെന്നും ഇതിനു വേണ്ട അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു.

2) എന്നാൽ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംസ്ഥാന തല അപ്പെക്സ് സഹകരണ സ്ഥാപനമാണ് കേരള സ്റ്റേറ്റ് റൂറൽ വിമൻസ് ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലി.നം.കെ.വി.ഐൻഡി (1) (റൂട്രോണിക്സ് ) എന്നും സംസ്ഥാന സർക്കാർ പദ്ധതി വിഹിതത്തിൽ അനുവദിച്ച ഗ്രാന്റ് തുക വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ, കുടപ്പനക്കുന്ന് വില്ലേജിൽ സർവ്വേ നമ്പർ 127 -ൽ പ്പെട്ട പ്രസ്തുത വസ്തു കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു വേണ്ടി കേരള സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി കൂടിയായ ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ വിലയാധാരമായി വാങ്ങി രജിസ്റ്ററാക്കപ്പെട്ടിട്ടുള്ളതാണെന്നും 1957 -ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ആക്ട് വകുപ്പ് 13 (2) പ്രകാരം ബോർഡ് ധനസഹായം ചെയ്യുന്ന സ്ഥാപനങ്ങൾ സമാപ്തീകരിച്ചാലും സ്ഥാവരമായ ആസ്തികൾ ബോർഡിന്റെ പേരിൽ നിലനിൽക്കണമെന്ന

ഉദ്ദേശത്തോടു കൂടിയാണ് ഇപ്രകാരം ചെയ്യുന്നതെന്നും പരാമർശം (2) പ്രകാരം ഖാദി ബോർഡ് സെക്രട്ടറി അറിയിച്ചിരിക്കുന്നു. കൂടാതെ പ്രസ്തുത ഭൂമിയിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ഒരു ബഹു നില കെട്ടിടം സ്വന്തമായി പണിതാൽ വാടകക്കെട്ടിടത്തിൽ നിന്നും ജില്ലാഓഫീസും വില്പനശാലയും ആയതിലേയ്ക്ക് മാറ്റാമെന്നും അതുവഴി ബോർഡിന്റെ പ്രതിമാസ വാടകയിനത്തിലെ ചെലവ് ഒഴിവാക്കാൻ കഴിയുമെന്നും ഖാദി ബോർഡ് സെക്രട്ടറി അഭിപ്രായപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും റ്റൂട്രോണിക്സും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡും 'പരാമർശ വസ്തു' തങ്ങൾക്കവകാശപ്പെട്ടതാണ് എന്ന് വാദിക്കുന്ന സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ അമ്പലമുക്കിന് സമീപമുള്ള 28.753 സെന്റ് സ്ഥലം ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ നിലനിർത്തിക്കൊണ്ട് ഇൻഡസ്ട്രീസ് എൻക്ലേവ്" എന്ന പേരിൽ ഒരു ഓഫീസ് സമുച്ചയം പണിയാൻ കിൻഫ്രയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കിൻഫ്ര, തിരുവനന്തപുരം

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, റ്റൂട്രോണിക്സ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ-ബിപ്പ്, തിരുവനന്തപുരം.

വ്യവസായ (ജി) വകുപ്പ് (തുടർ നടപടികൾക്കായി)

ഐ &പി.ആർ.ഡി

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by S Padmaja
Date: 01-11-2022 11:35:37

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസിന്

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി യുടെ സി.എയ്ക്ക്